സംസ്ഥാനത്തെ നിക്ഷിപ്ത വനഭൂമി

691 [694] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ നിക്ഷിപ്ത വനഭൂമിയെത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കൃത്യമായി തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ല. എന്നാൽ ഉദ്ദേശം 1914 ചതുരശ്ര കി. മീറ്റർ ഉണ്ടായിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

വനഭൂമി

692 [695] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും സംസ്ഥാനത്ത് എത്ര വനഭൂമിയുണ്ടായിരുന്നു;

(ബി) 31–5–1986–ൽ എത്ര വനഭൂമിയുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും സംസ്ഥാനത്ത് റിക്കാർഡ് അനുസരിച്ച് 11,22,114 ഹെക്ടർ വനഭൂമിയാണ് ഉണ്ടായിരുന്നതെങ്കിലും വനേതരാവശ്യങ്ങൾക്ക് നേരത്തേതന്നെ വിട്ടു കൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ 9,40,000 ഹെക്ടർ വനഭൂമിയാണ് ഉണ്ടായിരുന്നത്.

(ബി) സമീപകാലത്ത് വിവിധാവശ്യങ്ങൾക്ക് വിട്ടു കൊടുത്ത 1140.02 ഹെക്ടർ വനഭൂമി കഴിച്ചാൽ ഇപ്പോഴും 9,38,860 ഹെക്ടർ വനഭൂമിയുണ്ട്.

കുമ്മണ്ണൂർ മേഖലയിലെ വനംകൊള്ള

693 [698] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിലെ കുമ്മണ്ണൂർ മേഖലയിൽ നടന്നിട്ടുള്ള വനം കൊള്ളയെ സംബന്ധിച്ച് അന്വേഷിക്കാൻ ഒരു വിജിലൻസ് സ്കാഡിനെ നിയോഗിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ അന്വേഷണം ആരംഭിക്കുകയുണ്ടായോ;

(സി) പ്രസ്തുത അന്വേഷണം നിർത്തിവെയ്ക്കുകയുണ്ടായോ; എങ്കിൽ കാരണമെന്താണ്;

(ഡി) ഈ വനം കൊള്ളയെ സംബന്ധിച്ച് അന്വേഷണം പുനരാരംഭിച്ച് വളരെ വേഗത്തിൽ അന്വേഷണം പൂർത്തിയാക്കി ഇതിന് ഉത്തരവാദികളായവരുടെ മേൽ കർശന നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly